ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) നടപ്പു പഞ്ചവൽസരപദ്ധതിക്കാവശ്യമായ വിഭവസമാഹരണത്തിന്റെ ഭാഗമായി ഭരണരംഗത്ത് ചെലവുചുരുക്കൽ ഏർപ്പെടുത്തിക്കൊണ്ട് 6-8-1979-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വെച്ചിട്ടുണ്ട്. †

(ബി) തിട്ടപ്പെടുത്തിയിട്ടില്ല.

(സി, ഡി) ഇങ്ങനെ ഒരു നടപടി സ്വീകരിച്ചാൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ അത് സാരമായി ബാധിക്കാൻ ഇടയുണ്ട്. അതുകൊണ്ട് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ 8-ാം ഇനമായി സൂചിപ്പിച്ച യാത്രാ ചെലവിലുള്ള നിയന്ത്രണങ്ങൾക്ക് ഉപരിയായി മറ്റു നടപടികൾ ഇക്കാര്യത്തിൽ ആവശ്യമാണെന്ന് കരുതുന്നില്ല.

കപ്പയുടെ താങ്ങുവില

* 151 [163] ഡോ. ജോർജ് മാത്യു:

ശ്രീ. ഈപ്പൻ കണ്ടക്കുടി:

,, എം. വി. മാണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പക്ക് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച താങ്ങുവില ഏതെങ്കിലും സ്ഥലത്ത് കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ഉണ്ട്. കൊല്ലം ജില്ലയിൽ പത്തനാപുരം, കുന്നത്തൂർ താലൂക്കുകളിലും, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലും.

(ബി) 'എ'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഭക്ഷണപദാർത്ഥങ്ങളിൽ മായംചേർക്കൽ

* 152 [165] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണപദാർത്ഥങ്ങളിൽ മായംചേർക്കൽ നടപടി തടയുന്നതിനുള്ള ഇന്നത്തെ സംവിധാനം അപര്യാപ്തമാണെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഭക്ഷണപദാർത്ഥങ്ങളിലെ മായംചേർക്കൽ നടപടി ഫലപ്രദമായി തടയാൻവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ, ബി) ഭക്ഷണസാധനങ്ങളിൽ മായംചേർക്കുന്നത് തടയുന്നതിനുള്ള പ്രിവൻഷൻ ഓഫ് ഫുഡ് അഡൽടറേഷൻ ആക്ട് പ്രകാരം ഇപ്പോഴത്തെ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായ നടപടികളും എടുത്തുവരുന്നുണ്ട്. ഇതിലേയ്ക്കായി കോർപ്പറേഷനുകളും, മുനിസിപ്പാലിറ്റികളും, ടൌൺഷിപ്പ്, പഞ്ചായത്തുകളും എന്നിവിടങ്ങളിലെല്ലാംതന്നെ ഫുഡ് ഇൻസ്പെക്ടർമാർ പ്രവർത്തിക്കുകയും ഭക്ഷണപദാർത്ഥ സാമ്പിളുകളും എടുത്ത് രാസപരിശോധനയ്ക്കയക്കുകയും ചെയ്യുന്നുണ്ട്. മായംചേർത്തതായി കാണുന്നവ കോടതി നടപടികൾക്ക് വിധേയമാക്കുന്നുമുണ്ട്. ഫുഡ് ഇൻസ്പെക്ടർമാരെ കൂടാതെ സംസ്ഥാനമൊട്ടാകെ അധികാരമുള്ള ഒരു വിജിലൻസ് സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്.

റെയിൽവേ കോച്ച് ഫാക്ടറി

* 153 [166] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ബോർഡ് ദക്ഷിണേന്ത്യയിൽ സ്ഥാപിക്കാൻ പോകുന്ന റെയിൽവേ കോച്ച് ഫാക്ടറി പാലക്കാട് ജില്ലയിൽ കുഞ്ചിക്കോട് എന്ന സ്ഥലത്ത് സ്ഥാപിക്കുവാൻ ഉദ്യോഗസ്ഥൻമാർ സ്ഥല പരിശോധന നടത്തിയോ;

(ബി) 40 കോടി രൂപയുടെ ചെലവും 6500 പേർക്ക് തൊഴിലും കിട്ടുന്ന ഈ ഫാക്ടറി കേരളത്തിൽ സ്ഥാപിക്കാതെ തമിഴ്നാട്ടിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ പോകുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ ഫാക്ടറി കേരളത്തിൽത്തന്നെ സ്ഥാപിക്കുന്നതിനു എന്തു നടപടികളാണ് ഗവൺമെൻറ് കൈക്കൊണ്ടത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) സ്ഥലപരിശോധന നടത്തിയിട്ടുണ്ട്.

(ബി, സി) ഈ ഫാക്ടറി കേരളത്തിൽ സ്ഥാപിക്കണമെന്ന ആവശ്യവും അതിനുള്ള ന്യായങ്ങളും കേന്ദ്രഗവൺമെൻറിൻെറ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഈ ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടിവരുന്ന 200 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്ക് എടുത്ത് സൗജന്യമായി നൽകാമെന്നും കൂടാതെ ആവശ്യമായ അളവിൽ വിദ്യുച്ഛക്തിയും ജലവും ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്യാമെന്നും സംസ്ഥാന ഗവൺമെൻറ് ബന്ധപ്പെട്ട അധികാരികളെ അറിയിച്ചിട്ടുണ്ട്.

കേരളാ സ്റ്റോറുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്ന ഏജൻസി

* 154 [167] ശ്രീ. കെ. ജെ. ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീട്ടെയിൽ കേരളാ സ്റ്റോറുകൾക്ക് നിത്യോപയോഗസാധനങ്ങൾ ഏത് ഏജൻസിയാണ് സപ്ലൈ ചെയ്യുന്നത്;

(ബി) റീട്ടെയിൽ കേരളാ സ്റ്റോറുകളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും ആവശ്യമായ എല്ലാ സാധനങ്ങളും യഥാവസരം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly